# പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2021 ജൂൺ 1, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

തീരപ്രദേശങ്ങളിലെ പ്രതിസന്ധി

മി. സ്പീക്കർ: ചുഴലിക്കാറ്റും കടൽക്ഷോഭവുംമൂലം സംസ്ഥാനത്തെ തീരപ്രദേശങ്ങളിലുണ്ടായ കനത്ത നാശനഷ്ടവും തീരദേശവാസികളുടെ ജീവിതത്തിലുണ്ടായ പ്രതിസന്ധിയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച്

നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കാലാവസ്ഥാ വ്യതിയാനംമൂലം അടിക്കടിയുണ്ടാകുന്ന പ്രതിസന്ധി പ്രതിരോധിക്കുന്നതിനുള്ള സുസ്ഥിര നടപടികൾക്കായി കിഫ്ബിയുടെ നേതൃത്വത്തിൽ ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ തീരശോഷണം നേരിടുന്നതിന് അനുവദിച്ച സഹായം പരിമിതമായതിനാൽ തീരശോഷണത്തെ ദേശീയ ദുരന്തമായി വിജ്ഞാപനം ചെയ്യണമെന്ന് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കടലാക്രമണം ചെറുക്കുന്നതിന് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ മുഖ്യമന്ത്രി വിളിച്ചുചേർത്ത ബന്ധപ്പെട്ട മന്ത്രിമാരുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കേരളത്തിലെ തീരദേശത്ത് നടത്തിയ ഗവേഷണത്തിൽ 55 കിലോമീറ്ററിൽ അതിരൂക്ഷമായ കടലാക്രമണമുണ്ടാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിലെടുത്ത പന്ത്രണ്ടോളം നിർദ്ദേശങ്ങൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: കനത്ത മഴയും കാറ്റും കടൽക്ഷോഭവും കോവിഡ് വ്യാപനവും തീരദേശവാസികളെ

ദുരിതക്കയത്തിലാക്കിയിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനവും കടലിന്റെ ഊഷ്മാവ് വർദ്ധിക്കുന്നതുമായ സാഹചര്യത്തിൽ അടിക്കടിയുണ്ടാകുന്ന കടൽക്ഷോഭം ചെറുക്കാൻ ശാസ്ത്രീയ പഠനം നടത്തി പുതിയ പരിഹാര നടപടികൾ കണ്ടെത്തണം. ജിയോട്യൂബ് പരീക്ഷണം ശംഖുംമുഖത്ത് നടപ്പാക്കുന്നത് പ്രയോജനരഹിതമാണ്. ഓഖിയിൽ തകർന്ന ശംഖുംമുഖം റോഡ് നാളിതുവരെ പുനഃസ്ഥാപിക്കാൻ കഴിയാത്തത് സർക്കാരിന്റെ കെടുകാര്യസ്ഥതയാണ്. മുന്നറിയിപ്പ് സംവിധാനങ്ങളുടെ പരാജയമാണ് വിഴിഞ്ഞത്ത് മത്സ്യത്തൊഴിലാളികളുടെ മരണത്തിന് കാരണമായത്. അതിതീവ്ര കോവിഡ് വ്യാപനമുള്ള ചെല്ലാനമടക്കമുള്ള മേഖലകളിൽ മാസ് വാക്സിനേഷൻ നടത്താൻ നടപടിയുണ്ടാകണം. തീരദേശ ജില്ലകളെയാകെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ദുരന്തങ്ങളെ പ്രതിരോധിക്കാൻ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ശംഖുംമുഖം, വലിയതുറ, പൊഴിയൂർ എന്നിവിടങ്ങളിലെ തീരദേശ സംരക്ഷണത്തിന് ഡയഫ്രംവാളടക്കമുള്ള നൂതന സാങ്കേതിക വിദ്യകളുപയോഗിച്ചും ശാസ്ത്രീയ പഠനങ്ങൾ നടത്തിയും തുടർനടപടി സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ഗൗരവതരമായ ഇടപെടൽ നടത്തുന്നതാണ്. കടലാക്രമണത്തിന്റെ ഫലമായുണ്ടാകുന്ന പ്രശ്നങ്ങൾക്ക് അഞ്ച് വർഷത്തിനുള്ളിൽ ശാശ്വതപരിഹാരം കാണാനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾക്ക് തുടക്കം കുറിക്കുകയും കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട സഹായങ്ങളെക്കുറിച്ച് ഗൗരവമായ പഠനം നടത്തി കേരളത്തിന്റെ കടൽത്തീരം പൂർണ്ണമായി സംരക്ഷിക്കാനുള്ള നടപടിയുണ്ടാകുകയും ചെയ്യുന്നതാണ്. ജിയോ ട്യൂബിനെക്കുറിച്ച് പരിശോധിച്ച് അന്തിമ തീരുമാനമെടുക്കും. ശംഖുംമുഖത്തുണ്ടാകുന്ന കടലാക്രമണത്തെ പ്രതിരോധിക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് എല്ലാവിധ സഹായങ്ങളും നൽകാൻ സർക്കാർ തയ്യാറാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### 1. വാക്സിൻ അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. നന്ദകുമാർ: ജനസാന്ദ്രതയും ജീവിതശൈലീരോഗങ്ങളും കൂടുതലുള്ള കേരളത്തിന് ആവശ്യാനുസരണം വാക്സിൻ അനുവദിക്കാത്തത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നതിനാൽ വാക്സിൻ ക്വാട്ട വർദ്ധിപ്പിച്ച് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും കോവിഡ് വ്യാപനം രൂക്ഷമായ മലപ്പുറം ജില്ലയ്ക്ക് കൂടുതൽ വാക്സിൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: കോവിഡ് രോഗവ്യാപനം രൂക്ഷമായ മലപ്പുറം ജില്ലയ്ക്ക് ജനസംഖ്യാനുപാതികമായി വാക്സിൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോവിഡ് പ്രതിരോധ വാക്സിൻ എല്ലാവർക്കും സൗജന്യമായി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പൊതുജനങ്ങളുമായി കൂടുതൽ സമ്പർക്കം പുലർത്തേണ്ടിവരുന്ന ജനവിഭാഗങ്ങൾക്ക് വാക്സിനേഷന് മുൻഗണന നൽകുന്നുണ്ട്. 70 ലക്ഷം കോവിഷീൽഡ് വാക്സിനും 30 ലക്ഷം കോവാക്സിനും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ഓർഡർ നൽകുകയും സംസ്ഥാനങ്ങളുടെ മൊത്തം ആവശ്യം കണക്കിലെടുത്ത് മതിയായ അളവിൽ

വാക്സിൻ ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ ആഗോള ടെണ്ടറിലൂടെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയയ്ക്കുകയും നിരന്തരം സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്. കേരളത്തിൽ ഇതുവരെ 942355 ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട പ്രശ്നം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (2) **കടമ്പ്രയാർ നദിയിലെ മലിനീകരണം**

ശ്രീ. പി. ടി. തോമസ്: കിറ്റക്സ് ഗാർമെന്റ്സ് കമ്പനിയിൽനിന്നും രാസമാലിന്യം പുറന്തള്ളുന്നതുമൂലം കടമ്പ്രയാർ നദി മലിനീകരിക്കപ്പെടുകയും ജനജീവിതത്തിനും പരിസ്ഥിതിക്കും ഭീഷണിയായി മാറുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ആവശ്യമായ പരിഹാര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): രാജ്യത്ത് മലിനീകരിക്കപ്പെട്ട നദികളുടെ പട്ടികയിൽ കടമ്പ്രയാർ നദി ഉൾപ്പെടുന്നുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നദിയുടെ പുനരുജ്ജീവനത്തിനായി കർമ്മ പദ്ധതി തയ്യാറാക്കി വരികയാണ്. സ്വീവേജ് മാലിന്യവും ഖരമാലിന്യവും ബ്രഹ്മപുരം പ്ലാന്റിൽനിന്നുള്ള ദ്രാവകങ്ങളുമാണ് നദിയുടെ മലിനീകരണത്തിന് കാരണം. നദിയിൽനിന്നുള്ള സാമ്പിളുകൾ എല്ലാ മാസവും പരിശോധിച്ചുവരുന്നു. കിറ്റക്സ് ഗാർമെന്റ്സ് കമ്പനി നിയമലംഘനം നടത്തിയോ എന്നുള്ളത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## III. സബ്മിഷൻ

(1) <u>അദ്ധ്യാപക നിയമനം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സംസ്ഥാനത്തെ സ്കൂളുകളിൽ പുതിയ വിദ്യാഭ്യാസ രീതി ആരംഭിക്കുന്നതിനും സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ അടിയന്തരമായി അദ്ധ്യാപക നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സംസ്ഥാനത്തെ സ്കൂളുകളിൽ ഓരോ അദ്ധ്യയനവർഷവും ആറാമത്തെ പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയം നടത്തി ഒഴിവുകൾ നികത്തുന്നത്. 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ല. പ്രവർത്തനമാരംഭിക്കുന്നമുറയ്ക്ക് നിയമന ഉത്തരവുകൾ ലഭിച്ച അദ്ധ്യാപകർക്ക് ജോലിയിൽ പ്രവേശിക്കാമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എയ്ഡഡ് മേഖലയിൽ നടത്തിയ 4800 നിയമനങ്ങളുടെ പ്രൊപ്പോസലുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതും സ്കൂൾ പ്രവർത്തനമാരംഭിക്കുന്ന മുറയ്ക്ക് പ്രസ്തുത നിയമനങ്ങളിൽ തുടർനടപടി സ്വീകരിക്കുന്നതുമാണ്. ഹെഡ്മാസ്റ്റർമാരുടെ പ്രൊമോഷൻ സംബന്ധിച്ച് നിലവിലുള്ള കേസ് തീർപ്പാകുന്നമുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്.

(2) കടലാക്രമണം

ശ്രീ. രമേശ് ചെന്നിത്തല: തൃക്കുന്നപ്പുഴ, ആറാട്ടുപുഴ ഭാഗങ്ങളിലെ കടലാക്രമണം തടയുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പന്നിയങ്കര, ആറാട്ടുപുഴ പഞ്ചായത്തിലെ വട്ടച്ചാൽ എന്നീ പ്രദേശങ്ങളിൽ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കിഫ്ബിയിൽനിന്ന് ധനസഹായം ലഭ്യമാക്കി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പന്നിയങ്കര കടൽതീരത്ത് 1.5 കി.മീറ്റർ നീളത്തിൽ 13 പുലിമുട്ടുകളും, ആറാട്ടുപുഴയിൽ 1.20 കി.മീറ്റർ നീളത്തിൽ 21 പുലിമുട്ടുകളും, വട്ടച്ചാലിൽ 1.68 കി.മീറ്റർ നീളത്തിൽ 16 പുലിമുട്ടുകളും നിർമ്മിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. കരിങ്കൽക്ഷാമം പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ചെന്നൈ ഐ.ഐ.ടി.-യിൽനിന്ന് ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് ആറാട്ടുപുഴ പഞ്ചായത്തിലെ നെല്ലിക്കൽ പ്രദേശത്ത് പുലിമുട്ടുകൾ നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതാണ്. ആലപ്പുഴ ജില്ലയുടെ അടിയന്തര തീരസംരക്ഷണ പ്രവൃത്തികൾക്കായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(3) വന്യമൃഗ ശല്യം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിലെ വന്യമൃഗ ശല്യം തടയുന്നതിനും ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കുന്നതിനും വനം വകുപ്പിനാവശ്യമായ

വാഹനം അനുവദിക്കുന്നതിനും നടപടിയുണ്ടാകണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കാസർഗോഡ് റേഞ്ചിൽ വനവുമായി അതിർത്തി പങ്കിടുന്ന ഭാഗങ്ങളിലെ കൃഷി സ്ഥലങ്ങളിൽ കാട്ടാനകൾ ഇറങ്ങാതിരിക്കാൻ ആന പ്രതിരോധ മതിലുകൾ, ട്രഞ്ചുകൾ, സൗരോർജ്ജ വേലികൾ എന്നിവ നിർമ്മിക്കുന്നുണ്ട്. വനാതിർത്തികളിൽ പ്രവർത്തനക്ഷമമല്ലാതിരുന്ന 17 കിലോമീറ്റർ സൗരോർജ്ജ വേലികൾ പുനർനിർമ്മിച്ചിട്ടുണ്ട്. ജനവാസ മേഖലയിൽ ആനയിറങ്ങുന്നത് തടയുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച പ്രോജക്ട് പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും വാഹനത്തിന്റെ കുറവ് പരിഗണിച്ച് കാസർഗോഡ് റേഞ്ചിൽ ഒരു ജീപ്പുകൂടി അനുവദിക്കുന്നതും നിലവിലുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നടത്തി ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതുമാണ്.

(4) ഫിഷിംഗ് ഹാർബർ നിർമ്മാണം

ശ്രീ. കെ. ആൻസലൻ: പൊഴിയൂരിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനായുള്ള ഗവേഷണ പഠനങ്ങളുടെ ഭാഗമായി ടോപ്പോഗ്രാഫിക്, പ്രീ-മൺസൂൺ, പോസ്റ്റ് മൺസൂൺ സർവ്വേകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫിഷിംഗ്

ഹാർബർ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്.

(5) കുറ്റ്യാടി ബൈപ്പാസ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ : കുറ്റ്യാടി ടൗണിൽ ബൈപ്പാസ് നിർമ്മിക്കാനും ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): 2016-ൽ കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന് പദ്ധതി നിർവ്വഹണത്തിനായി 37.96 കോടി രൂപ അനുവദിക്കുകയും ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. ഏതാനും ഭൂവുടമകൾ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോടതി ഉത്തരവുപ്രകാരം അലൈൻമെന്റ് പുതുക്കി അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് 90 ശതമാനത്തോളം ജോലികൾ പൂർത്തിയാക്കിയെങ്കിലും പ്രവൃത്തി തടസ്സപ്പെടുത്തിക്കൊണ്ട് വീണ്ടും ചില ഭൂവുടമകൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. അലൈൻമെന്റിൽ വീണ്ടും മാറ്റം വരുത്തുന്നത് കിഫ്ബി മാനദണ്ഡലംഘനമാകുമെന്നതിനാൽ കോടതി മുമ്പാകെ സർക്കാർ താല്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ RBDCK സ്വീകരിച്ചിട്ടുണ്ട്. ലോക്ഡൗൺ അവസാനിക്കുന്നമുറയ്ക്ക് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന ജോലി

പൂർത്തിയാക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. കുറ്റ്യാടി ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് അനന്തര നടപടി സ്വീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ റോഡ് സേഫ്റ്റി കൗൺസിലിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(6) കുളമ്പുരോഗ വ്യാപനം

ശ്രീ. മുരളി പെരുനെല്ലി: പശുക്കളിലെ കുളമ്പുരോഗം തടയുന്നതിന് പ്രതിരോധ കുത്തിവയ്പ്പ് നടത്താനും പശുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): കുളമ്പുരോഗം പടർന്നുപിടിച്ച പശുക്കളിൽ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിനാൽ രോഗവ്യാപനം നിയന്ത്രണ വിധേയമായിട്ടുണ്ട്. രണ്ടാംഘട്ട വാക്സിനേഷനാവശ്യമായ സാധനസാമഗ്രികൾ NADCP മുഖേന എല്ലാ ജില്ലകളിലും എത്തിച്ചിട്ടുണ്ട്. ആവശ്യമായ വാക്സിൻ ലഭിച്ചാലുടൻതന്നെ മുഴുവൻ കന്നുകാലികൾക്കും പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അസുഖംമൂലം മരണപ്പെട്ട ഉരുക്കൾക്ക് NADCP-യുടെ കോർപ്പസ് ഫണ്ടിൽനിന്നും നഷ്ടപരിഹാരം നൽകുന്നുണ്ട്.

(7) മലപ്പുറം താലൂക്കാശുപത്രിയുടെ വികസനം

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി അപ്ഗ്രേഡ് ചെയ്ത് സൂപ്പർ സ്പെഷ്യാലിറ്റി ജനറൽ ആശുപത്രിയാക്കി ഉയർത്താനും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ആർദ്രം പദ്ധതിയുടെ ഭാഗമായി മലപ്പുറം താലൂക്കാശുപത്രിയുടെ അനുബന്ധ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. പ്രസ്തുത ആശുപത്രിയിൽ ജനറൽ മെഡിസിൻ, സർജറി, ഇ.എൻ.ടി., ഓർത്തോ, ഒഫ്ത്താൽമോളജി, ദന്തരോഗം, ഡെർമറ്റോളജി, ശിശുരോഗം എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളുണ്ട്. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 17 ജില്ലാ ആശുപത്രികളിലും സൂപ്പർ സ്പെഷ്യാലിറ്റി സേവനം ശക്തിപ്പെടുത്തുന്നതിനാണ് മുൻഗണന നൽകുന്നത്.

(8) ആർ.സി.സി.-യിൽ ലിഫ്റ്റ് തകർന്നുണ്ടായ അപകടം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: തിരുവനന്തപുരം ആർ.സി.സി.-യിൽ ലിഫ്റ്റ് തകർന്ന് മാരകമായി പരിക്കേറ്റ പത്തനാപുരം സ്വദേശിനിയുടെ ചികിത്സ സൗജന്യമാക്കുകയും ധനസഹായം അനുവദിക്കുകയും സംഭവത്തിന് കാരണക്കാരായ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും വേണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 15-05-2021-ന് തിരുവനന്തപുരം ആർ.സി.സി.-

യിലെ ബി-ബ്ലോക്കിൽ കേടായ ലിഫ്റ്റിൽ കുടുങ്ങി മാരകമായി പരിക്കേറ്റ ഒരു രോഗിയുടെ കൂട്ടിരിപ്പുകാരിക്ക് പ്രാഥമിക ശുശ്രൂഷ നൽകിയശേഷം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സംഭവദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന ഇലക്ട്രീഷ്യനെയും ഇലക്ട്രിക്കൽ സൂപ്പർവൈസറേയും സെക്യൂരിറ്റി വിഭാഗം ജീവനക്കാരെയും സസ്പെന്റ് ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജ് ക്രിട്ടിക്കൽ കെയർ യൂണിറ്റിൽ ചികിത്സയിലുള്ള യുവതിയുടെ സഹായത്തിന് ആർ.സി.സി. ജീവനക്കാരെ നിയോഗിച്ചതോടൊപ്പം ചികിത്സാ, അനുബന്ധ ചെലവുകൾ ആർ.സി.സി. ഏറ്റെടുക്കുകയും ചികിത്സാ പുരോഗതി വിലയിരുത്തുന്നതിന് അഡീഷണൽ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാനുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തണമെന്ന കർശന നിർദ്ദേശം സംസ്ഥാനത്തെ എല്ലാ ആശുപത്രികൾക്കും നൽകിയിട്ടുണ്ട്.

## IV. ക്രമപ്രശ്നം

<u>മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ പുതുതായി മേശപ്പുറത്ത് വയ്ക്കണമെന്നത് സംബന്ധിച്ച്</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): പതിനാലാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി പ്രസ്തുത നിയമസഭയുടെ കാലയളവിൽ സഭയുടെ മേശപ്പുറത്ത് വച്ചതും നിശ്ചിത കാലാവധി പൂർത്തിയാക്കാൻ സാധിക്കാത്തതുമായ വിജ്ഞാപനങ്ങൾ വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുപകരം പുതുതായി

മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. കേരള നിയമസഭ പ്രസ്തുത നടപടിക്രമമാണ് പിന്തുടരുന്നത്. ആയതിനാൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നതായി കാണിച്ചിട്ടുള്ള വിജ്ഞാപനങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന മറ്റ് പേപ്പറുകളോടൊപ്പം ഉൾപ്പെടുത്തണം.

**റൂളിംഗ്**

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 166 (2) പ്രകാരം നിർദ്ദിഷ്ട കാലാവധി (14 ദിവസം) പൂർത്തിയാക്കാത്തപക്ഷം അപ്രകാരമുള്ള റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ പ്രസ്തുത കാലയളവ് പൂർത്തിയാകുന്നതുവരെ തൊട്ടടുത്ത സമ്മേളനത്തിലോ, സമ്മേളനങ്ങളിലോ വീണ്ടും വയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള നിയമസഭ പ്രസ്തുത നടപടിക്രമമാണ് പിന്തുടർന്നുവരുന്നത്. ഈ സാഹചര്യത്തിൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ഇനമായി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകളുടെ പട്ടികയിൽ നിന്നും 'വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു' എന്ന പരാമർശം നീക്കം ചെയ്യുന്നതായും ബഹുമാനപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവയ്ക്കുന്ന മറ്റ് രേഖകളോടൊപ്പം പ്രസ്തുത രേഖകളും പുതുതായി മേശപ്പുറത്ത് വയ്ക്കുന്നതായി പരിഗണിക്കുന്നതാണെന്നും റൂൾ ചെയ്യുന്നു.

## V. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ഇനം രണ്ട് പ്രകാരമുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI. ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ശ്രീ. ചിറ്റയം ഗോപകുമാറിന്റെ പേര് നിർദ്ദശിച്ചുകൊണ്ടുള്ള നാമനിർദ്ദേശപത്രിക മാത്രമേ ലഭിച്ചിട്ടുള്ളൂ. പരിശോധനയിൽ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ നാമനിർദ്ദേശ പത്രിക നിയമാനുസൃതമാണെന്ന് കാണുന്നു. ആയതിനാൽ ശ്രീ. ചിറ്റയം ഗോപകുമാറിനെ പതിനഞ്ചാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തതായി പ്രഖ്യാപിക്കുന്നു. സ്ഥാനലബ്ധിയിൽ അദ്ദേഹത്തെ അനുമോദിക്കുന്നു. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം ഏറ്റെടുക്കാൻ ശ്രീ. ചിറ്റയം ഗോപകുമാറിനെ ക്ഷണിക്കുന്നു.

(ശ്രീ. ചിറ്റയം ഗോപകുമാർ ഡെപ്യൂട്ടി സ്പീക്കർക്കായി നിശ്ചയിച്ചിട്ടുള്ള സ്ഥാനത്ത് ഉപവിഷ്ടനായി)

## VII. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ഡോ. കെ. ടി. ജലീൽ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ നയപ്രഖ്യാപനത്തിലെ ആശയങ്ങളെല്ലാം നടപ്പാക്കിയതാണ് ഭരണത്തുടർച്ച ലഭിക്കാനുള്ള കാരണം. ഓഖി, നിപ, പ്രളയം,

പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരി എന്നിവയെ അതിജീവിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. സണ്ണി ജോസഫ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. അഴിമതിയും അധികാര ദുർവിനിയോഗവും സാമ്പത്തിക ക്രമക്കേടുമായിരുന്നു കഴിഞ്ഞ സർക്കാരിന്റെ മുഖമുദ്ര. ജനോപകാരപ്രദമായ കാര്യങ്ങളൊന്നുംതന്നെ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിട്ടില്ല.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയങ്ങൾക്കും കഴിഞ്ഞ അഞ്ചുവർഷക്കാലം നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾക്കും ജനങ്ങൾ നൽകിയ പിന്തുണയാണ് ചരിത്രപരമായ രണ്ടാം വിജയം.

<u>ശ്രീ. നജീബ് കാന്തപുരം</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. കോവിഡ് മഹാമാരിയുടെ മൂന്നാം തരംഗത്തെ നേരിടാനുള്ള ശക്തമായ പ്രവർത്തനങ്ങളെക്കുറിച്ച് നയപ്രഖ്യാപനത്തിൽ പരാമർശിക്കാത്തത് ഖേദകരമാണ്. പ്രവാസികൾക്ക് വാക്സിനേഷനുള്ള സൗകര്യം പഞ്ചായത്തുതലത്തിൽ നടത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. ജോബ് മൈക്കിൾ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കിയതും പ്രതിസന്ധികളെ ഇച്ഛാശക്തിയോടെ നേരിടാൻ കഴിഞ്ഞതുമാണ് തുടർഭരണം സാധ്യമാക്കിയത്.

കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താനും കാർഷികമേഖലയിലെ സമഗ്ര വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കിയതും അഭിനന്ദനാർഹമാണ്. വാക്സിൻ എല്ലാവർക്കും സൗജന്യമായി നൽകാനുള്ള പ്രഖ്യാപനം മാതൃകാപരമാണ്. വികസന മുന്നേറ്റം തുടരുന്നതിനും മാലിന്യസംസ്കരണത്തിന് ശാശ്വത പരിഹാരം കണ്ടെത്താനും കഴിയണം.

ശ്രീ. മാണി സി. കാപ്പൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. കോവിഡും പ്രകൃതിക്ഷോഭവുംമൂലമുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ബഡ്ജറ്റിൽ പ്രത്യേകമായി ഉൾപ്പെടുത്തണം. പാലാ നിയോജകമണ്ഡലത്തിൽ മഴക്കെടുതിയിൽ വീടും കൃഷിയും നശിച്ചവർക്കുള്ള നഷ്ടപരിഹാരം അടിയന്തരമായി നൽകണം. റബ്ബറിന്റെ തറവില ഇരുന്നൂറ് രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും വാഴകർഷകർക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

അറിയിപ്പ്

മി. സ്പീക്കർ: 2021 ജൂൺ 3-ന് സഭ മുമ്പാകെ വരുന്ന 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ വകുപ്പുകളിന്മേൽ ഭേദഗതി നൽകുന്നതിന് നിശ്ചയിച്ചിരുന്ന സമയം ഇന്ന് 3 മണി എന്നത് അംഗങ്ങളുടെ ആവശ്യപ്രകാരം വൈകുന്നേരം 5 മണിയാക്കി മാറ്റി നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിയെ ശക്തമായി പ്രതിരോധിച്ച സർക്കാർ നടപടികൾ പ്രശംസനീയമാണ്. ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. പുതിയ വികസന സംസ്കാരം രൂപപ്പെടുത്തുന്നതിനും കാർഷിക, തൊഴിൽ മേഖലകളിൽ സമഗ്രമാറ്റങ്ങൾ കൊണ്ടുവരുന്നതിനുമുള്ള പദ്ധതികൾ അഭിനന്ദനാർഹമാണ്.

ശ്രീ. ഐ. ബി. സതീഷ് : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കൃത്യമായ കാഴ്ചപ്പാടോടും ഇച്ഛാശക്തിയോടുംകൂടിയാണ് കിഫ്ബി വഴിയുള്ള പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നത്. പൊതുവിദ്യാഭ്യാസ യജ്ഞത്തിന് തുടക്കം കുറിച്ചതും ക്ഷേമപെൻഷൻ തുക വർദ്ധിപ്പിച്ചതും ഹരിതകേരളം പദ്ധതി നടപ്പിലാക്കിയതും സ്വാഗതാർഹമാണ്. സമസ്ത മേഖലകളുടെയും ഉന്നമനത്തിനുവേണ്ടിയുള്ള നിലപാടുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ശ്രീമതി കെ. കെ. രമ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ലക്ഷദ്വീപിലെ ജനങ്ങളുടെ ജീവിതത്തിനും ജനാധിപത്യ അവകാശങ്ങൾക്കുംവേണ്ടിയുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയത് സ്വാഗതാർഹമാണ്. അതിവേഗ റെയിൽ പദ്ധതി നടപ്പിലാക്കാനെടുത്ത തീരുമാനം പുന:പരിശോധിക്കണം. കേരളത്തെ കടക്കെണിയിലാഴ്ത്തുന്ന പദ്ധതിയായി കിഫ്ബി മാറിയിരിക്കുകയാണ്.

കോവിഡ് മരണസംഖ്യയിലെ അവ്യക്തതയും സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തങ്ങൾ പൂർണ്ണമായി തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയതും പരിശോധിക്കപ്പെടണം.

ശ്രീ. കെ. പി. മോഹനൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ജനക്ഷേമ പദ്ധതികൾക്ക് ജനങ്ങൾ നൽകിയ അംഗീകാരമാണ് ഭരണത്തുടർച്ച. വിശപ്പുരഹിത കേരളം, സമ്പൂർണ്ണ പാർപ്പിട പദ്ധതി എന്നിവ നടപ്പിലാക്കാനും ക്ഷേമപെൻഷനുകൾ കുടിശ്ശികയില്ലാതെ വിതരണം ചെയ്യാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഉണർവ്, പുനർഗേഹം പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനും എല്ലാ ജില്ലകളിലും സാംസ്കാരിക സമന്വയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. വി. സുമേഷ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പ്രഖ്യാപിച്ച പദ്ധതികൾ യാഥാർത്ഥ്യമാക്കാനും സമയോചിതമായ ഇടപെടലിലൂടെ പ്രകൃതി ദുരന്തങ്ങളെയും പകർച്ചവ്യാധികളെയും അതിജീവിക്കാനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ലോകത്തിന് മാതൃകയാകാനും ഈ സർക്കാരിന് സാധിച്ചു. കിഫ്ബി വഴി നിരവധി പദ്ധതികൾ യാഥാർത്ഥ്യമാക്കാനും ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ രാജ്യത്തിന് മാതൃകയാകാനും കഴിഞ്ഞിട്ടുണ്ട്. സമസ്തമേഖലകളിലും കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീമതി സി. കെ. ആശ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ലോകത്തിന് മാതൃകയാകാനും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചതും ഗവൺമെന്റിന്റെ പ്രവർത്തന മികവ് വ്യക്തമാക്കുന്നു. ദൂരപരിധി മാനദണ്ഡമാക്കി താലൂക്കാസ്ഥാനങ്ങളിൽ ഹൃദ്രോഗ ചികിത്സാലയങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. കൃഷി ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കാനും ഭക്ഷ്യമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാനും ഈ ഗവൺമെന്റിന് സാധിച്ചു. ഫയലുകൾ തീർപ്പാക്കുന്നതിന് സമയക്ലിപ്തത നിശ്ചയിച്ചതും ഉദ്യോഗസ്ഥ തലത്തിൽ തട്ടുകളുടെ എണ്ണം കുറച്ച് വേഗത്തിൽ തീരുമാനങ്ങളെടുക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചതും വൻകിട പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി പുതിയ വകുപ്പ് രൂപീകരിച്ചതും സ്വാഗതാർഹമാണ്.

<u>ശ്രീ. ഒ. ആർ. കേളു</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കോവിഡ്-19, പ്രളയം തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിൽപ്പോലും ക്ഷേമ-വികസന പ്രവർത്തനങ്ങളെയും സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണത്തെയും ലൈഫ് മിഷൻ പദ്ധതിയെയും അട്ടിമറിക്കാനുള്ള നീക്കങ്ങളാണ് പ്രതിപക്ഷം നടത്തിയത്. സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് ക്രിയാത്മകമായിട്ടുള്ള കാഴ്ചപ്പാടും പിന്തുണയും നൽകുന്നതിന് പ്രതിപക്ഷം തയ്യാറാകണം.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. തീരദേശവാസികളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്താൻ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കടലാക്രമണഭീഷണിയിലും കാലവർഷക്കെടുതിയിലും ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ ഏജൻസിയെ നിയോഗിച്ച് പഠനം നടത്തി തീരദേശ സംരക്ഷണ പാക്കേജ് നടപ്പാക്കണം. മാരിടൈം ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി നടപ്പാക്കിയ പുനർഗേഹം, വിദ്യാതീരം പദ്ധതികൾ അഭിനന്ദനാർഹമാണ്.

<u>ശ്രീ. സജീവ് ജോസഫ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഇരിക്കൂർ നിയോജകമണ്ഡലത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണണം. ചെറുകിട കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും വന്യമൃഗശല്യം തടയുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം. റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കി വർദ്ധിപ്പിക്കണം. ഓൺലൈൻ പഠനരീതിയിലെ അപാകതകൾ പരിഹരിക്കണം.

<u>ശ്രീ. എൻ. കെ. അക്ബർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അഴിമതിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പ്രകടനപത്രികയിൽ പ്രഖ്യാപിച്ചിട്ടുള്ള ഇടുക്കി/വയനാട് പാക്കേജുകൾ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

<u>ശ്രീ. പി. നന്ദകുമാർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം ജനക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുകയും പ്രകടനപത്രികയിലെ പ്രഖ്യാപനങ്ങൾ നടപ്പാക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ് തുടർഭരണം സാധ്യമായത്. ഗവൺമെന്റിന്റെ ജനക്ഷേമപ്രവർത്തനങ്ങളെ എതിർക്കുന്ന നിലപാടിൽ നിന്ന് പ്രതിപക്ഷം പിൻമാറണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. കോവിഡ് പ്രതിരോധത്തിന് പ്രധാന്യം നൽകാത്ത ഒരു നയപ്രഖ്യാപനമാണിവിടെ നടത്തിയിരിക്കുന്നത്. കോവിഡ് ബാധിച്ച് മരണമടയുന്നവരുടെ മൃതദേഹങ്ങൾ മറവുചെയ്യുന്നതിൽ യൂത്ത് ലീഗിന്റെ സേവനം പ്രശംസനീയമാണ്. അഴിമതിയും സ്വജനപക്ഷപാതവും മുഖമുദ്രയാക്കിയ ഒരു സർക്കാരാണ് തുടർഭരണം നേടിയിരിക്കുന്നത്. വെന്റിലേറ്ററും ഓക്സിജനും ലഭിക്കാത്തതിനാൽ കാസർഗോഡ് ജില്ലയിലുൾപ്പെടെ കോവിഡ് മരണനിരക്ക് വർദ്ധിച്ചിരിക്കുകയാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലം കാർഷിക, വ്യാവസായിക രംഗം ഉൾപ്പെടെയുള്ള അടിസ്ഥാന മേഖലകൾക്ക് ഊന്നൽ നൽകിയതിലൂടെ കാർഷിക സംസ്കൃതി വീണ്ടെടുക്കാൻ സാധിച്ചിട്ടുണ്ട്. കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ച നടപടി രാജ്യത്തിനുതന്നെ മാതൃകയാണ്. അഞ്ച് വർഷംകൊണ്ട് കാർഷിക വരുമാനം 50% വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): നന്ദിപ്രമേയത്തെ എതിർക്കുന്നു. യു.ഡി.എഫ് അധികാരമൊഴിയുമ്പോൾ ഉണ്ടായിരുന്ന പൊതുകടം ഇപ്പോൾ വർദ്ധിച്ചിരിക്കുകയാണ്. ഐ.ടി., കൃഷി അനുബന്ധ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനോ പത്ത് ലക്ഷം പേർക്ക് നൈപുണ്യ പരിശീലനം നൽകുമെന്ന പ്രഖ്യാപനം നടപ്പാക്കാനോ സർക്കാരിന് സാധിച്ചിട്ടില്ല. ലൈഫ് മിഷനിലൂടെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 40,000 ഭവനം നിർമ്മിക്കുമെന്ന് തെരഞ്ഞെടുപ്പിനുമുമ്പ് പ്രഖ്യാപിച്ചിരുന്നുവെങ്കിലും 4,000 വീടുകൾ നിർമ്മിക്കുമെന്നാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. പ്രവാസികളുടെ പുനരധിവാസത്തിന് യാതൊരു പദ്ധതിയും പ്രഖ്യാപിച്ചിട്ടില്ല.

ശ്രീ. എം. എം. മണി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഭാവിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മപരിപാടിയുടെ സംക്ഷിപ്ത രൂപമാണ് നയപ്രഖ്യാപനം. ജനക്ഷേമകരമായ പദ്ധതികൾ നടപ്പാക്കുന്നതിനാണ് സർക്കാർ

മുൻഗണന നൽകുന്നത്. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ടുള്ള കേന്ദ്രസർക്കാരിന്റെ വിവേചനത്തെക്കുറിച്ചോ വാക്സിൻ നൽകുന്നതിലുള്ള വീഴ്ചയെക്കുറിച്ചോ പ്രതിപക്ഷം പരാമർശിക്കാത്തത് പരിതാപകരമാണ്.

(സഭ ഉച്ചയ്ക്കുശേഷം 2.22-ന് പിരിഞ്ഞു)

*******